14-ാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3458 12-05-2017-ൽ മറുപടിയ്ക്ക്

## കടുത്തുരുത്തി ഞീഴൂർ പഞ്ചായത്ത് വക സ്ഥലം കോളേജിന് കൈമാറുന്ന നടപടിക്ക് കാലതാമസം

ചോദ്യം

ശ്രീ മോൻസ് ജോസഫ്

ഉത്തരം

ശ്രീ എ. കെ.ബാലൻ,
പട്ടിക ജാതി പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത് വക സ്ഥലം കൈമാറുന്നതിന് നൽകിയിരുന്ന പ്രൊപ്പോസലിന് നിയമ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ ഗ്രാമപഞ്ചായത്ത് വക സ്ഥലം കൈമാറുന്നതിന് ഞീഴൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കി ഭരണവകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും, ടി ഭൂമി റവന്യൂ പുറമ്പോക്കുഭൂമി ആകുന്ന മുറയ്ക്ക്, ഭൂമി IHRD-യ്ക്ക് കൈമാറാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്നും ഭരണവകുപ്പിനെ നിയമ വകുപ്പ് അറിയിച്ചിരുന്നു. ഇതിനെതുടർന്ന് പ്രസ്തുത പുറമ്പോക്ക് ഭൂമി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കരട് വിജ്ഞാപനം സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയിരുന്നതും നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തി 05-05-2017-ന് തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാകുന്നു. ഇക്കാര്യത്തിൽ നിയമ വകുപ്പിൽ നിന്നും കാലതാമസമുണ്ടായിട്ടില്ല. |

| | |
|---|---|
| (ബി) ഈ ഫയൽ തീർപ്പാക്കുന്നതിന് നിയമ വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം സ്ഥലം വിട്ടുനൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | ഫയൽ തീർപ്പാക്കുന്നതിന് നിയമവകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടില്ല. സ്ഥലം വിട്ടുനൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ